## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5201 | 27-07-2015 -ൽ നൽകേണ്ടിയിരുന്ന മറുപടി

## ഭൂകമ്പ പ്രതിരോധ നടപടികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ടി.എൻ.പ്രതാപൻ<br>ശ്രീ. സണ്ണി ജോസഫ് | | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| എ) | ഉത്തരേന്ത്യയിലും അയൽ രാജ്യമായ നേപ്പാളിലും ദുരന്തം വിതച്ച ഭൂകമ്പത്തിന്റെ പശ്ചാത്തലത്തിൽ നഗരങ്ങളിൽ ഇത്തരത്തിലുള്ള പ്രകൃതി ക്ഷോഭത്തെ പ്രതിരോധിക്കാൻ ശേഷിയുള്ള കെട്ടിട നിർമ്മാണം ഉറപ്പുവരുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | എ) | പ്രകൃതിക്ഷോഭത്തെ പ്രതിരോധിക്കാൻ ശേഷിയുള്ള കെട്ടിട നിർമ്മാണം ഉറപ്പുവരുത്തുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര ആഭ്യന്തര മന്ത്രാലയം 2004-ൽ Prof.A.S. Arya യുടെ അദ്ധ്യക്ഷതയിൽ ഒരു വിദഗ്ധ കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റിയുടെ റിപ്പോർട്ട് ആഭ്യന്തര മന്ത്രാലയം അംഗീകരിക്കുകയും എല്ലാ ചീഫ് സെക്രട്ടറിമാർക്കും സംസ്ഥാനതല വിദഗ്ദ കമ്മിറ്റി രൂപീകരിച്ച് ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിന് നിർദ്ദേശം നൽകിയിരുന്നു. ആയതിൻപ്രകാരം സെക്രട്ടറി Revenue & Disaster Management ചെയർമാനായി 12 പേരടങ്ങുന്ന ഒരു എക്സ്പേർട്ട് ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടെക്നിക്കൽ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| ബി) | ഇതുസംബന്ധിച്ച് പഠനം നടത്തുന്നതിന് കമ്മീഷനെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ അംഗങ്ങളുടെ വിശദാംശം നൽകാമോ? | ബി) | കമ്മീഷനെ നിയമിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ